***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 22.12.2022**

## "ഓപ്പറേഷൻ സുഭിക്ഷ": സംസ്ഥാനമൊട്ടാകെയുള്ള റേഷൻ ഷോപ്പുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന

സർക്കാർ റേഷൻ ഡിപ്പോകളിൽ ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ചില സ്ഥലങ്ങളിൽ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നില്ലായെന്നും, സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യധാന്യങ്ങൾ ചില റേഷൻ ലൈസൻസികൾ മറിച്ച് വിൽക്കുന്നുവെന്നും, റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട അളവിൽ ഭക്ഷ്യ സാധനങ്ങൾ ചില റേഷൻ കടകൾ നൽകാറില്ലായെന്നും വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അവ പരിശോധിക്കുന്നതിലേക്ക് "ഓപ്പറേഷൻ സുഭിക്ഷ" എന്ന പേരിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത റേഷൻകടകളിൽ ഇന്നലെ (21.12.2022) വൈകുന്നേരം 5 മണിക്കും, ഇന്ന് (22.12.2022) രാവിലെ 11 മണിക്കും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ൻറെ ഉത്തരവിൻപ്രകാരം മിന്നൽ പരിശോധന നടത്തുന്നത്.

സംസ്ഥാനമൊട്ടാകെയുള്ള 64 റേഷൻ കടകളിലാണ് വിജിലൻസ് ഇന്നലെയും ഇന്നുമായി മിന്നൽ പരിശോധന നടത്തുന്നത്. തിരുവനന്തപുരം ജില്ലയിൽ 10 ഉം, കോട്ടയം, എറണാകുളം ജില്ലകളിൽ 6 വീതവും, പത്തനംതിട്ട, കൊല്ലം, കോഴിക്കോട് ജില്ലകളിൽ 5 വീതവും, ഇടുക്കി, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ 4 വീതവും, ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിൽ 3 വീതവും, കാസർഗോഡ് ജില്ലയിൽ 2 ഉം, കടകളിലാണ് വിജിലൻസ് മിന്നൽ പരിശോധന നടത്തുന്നത്.

മിന്നൽ പരിശോധനയ്ക്ക് വിജിലൻസ് ആസ്ഥാനത്തെ ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. വെങ്കടേഷ്. ഐ.പി.എസ്, ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. ഇ.എസ് ബിജുമോൻ, ഡി.വൈ.എസ്.പി ശ്രീ. സി.വിനോദ് എന്നിവരുടെ നേതൃത്വത്തിൽ വിജിലൻസിൻറെ എല്ലാ പോലീസ് സൂപ്രണ്ടുമാരും എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുക്കുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.